## മന്യ ഏതൈർമ്മഹോത്പാതൈർനൂനം ഭഗവത: പദൈ:
## അനന്യപുരുഷശ്രീഭിർഹീനാ ഭൂർഹതസൌഭഗാ (1-14-21)

സൂതൻ തുടർന്നു:
അർജുനൻ ശ്രീകൃഷ്ണൻേറയും മറ്റുബന്ധുക്കളുടേയും ക്ഷേമമന്വേഷിക്കാൻ ദ്വാരകയിൽ പോയിരുന്നു. കുറേമാസങ്ങൾ കടന്നുപോയിട്ടും അദ്ദേഹം തിരിച്ചുവന്നില്ല. രാജാവ് ആകാംക്ഷാഭരിതനായി. ചീത്തശകുനങ്ങൾ ദർശിക്കാനും തുടങ്ങി.

ദുഷ്ടൻമാരെല്ലാം മഹാഭാരതയുദ്ധത്തിൽ കൊലചെയ്യപ്പെട്ടശേഷം ചീത്തശകുനങ്ങൾ ഇപ്പോഴാണു കാണുന്നത്. ജനങ്ങൾ അധാർമ്മികമായ പ്രവൃത്തികൾ ചെയ്യാനും തുടങ്ങിയിരിക്കുന്നു. അവർ അത്യാഗ്രഹികളും പരസ്പരം ചതിക്കുന്നവരും കലഹിക്കുന്നവരുമായിത്തുടങ്ങി. സുഹൃത്തുക്കൾ തമ്മിലും ദമ്പതികൾ തമ്മിൽപോലും വെറുപ്പും പകയും ഉണ്ടായിത്തുടങ്ങി. യുധിഷ്ഠരൻ കലിയുഗത്തിൻെറ ആരംഭമായി എന്നു ഭയന്ന് ഭീമനോട് പറഞ്ഞു.

“അർജുനൻ തിരിച്ചുവരാത്തതെന്തുകൊണ്ട്? നമ്മുടെജീവനും രാജ്യത്തിനും നിലനിൽപിനുംതന്നെ ആധാരമായ ശ്രീകൃഷ്ണഭഗവാൻ ഇഹലോകവാസം വെടിഞ്ഞിരിക്കുമോ? എൻെറ ഇടതുഭാഗം തുടിക്കുന്നു. മൃഗങ്ങൾ വല്ലാത്തരീതിയിൽ പെരുമാറുകയും കാലാവസ്ഥ ക്രമംതെറ്റുകയും ചെയ്തിരിക്കുന്നു. എനിക്ക് വല്ലാത്ത ഉദ്വേഗം തോന്നുന്നു. ആകാശം പൊടിപടലം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇടക്കിടെ ഭൂമികുലുക്കങ്ങളും പേമാരിയും ഇടിവെട്ടുംമിന്നലും ഉണ്ടാവുന്നല്ലൊ. തീവ്രമായകൊടുങ്കാറ്റിൽ ഭൂമിമുഴുവൻ പൊടിപടലം നിറഞ്ഞ് സൂര്യപ്രഭയ്ക്കുപോലും മങ്ങലേറ്റുവോ? സ്വർഗ്ഗവുംഭൂമിയും തീയിൽപ്പെട്ടപോലെയും നദികളുംതടാകങ്ങളും ഇളകിമറിഞ്ഞും കാണപ്പെടുന്നു. അന്ത:രീക്ഷംമുഴുവൻ മൂകതയുംശോകവും നിറഞ്ഞപോലെ. ഈദൃശ ശകുനങ്ങളിൽനിന്നും ഭൂമിയുടെ ആകർഷണീയത നഷ്ടപ്പെട്ടുവെന്നെനിക്കുതോന്നുന്നു. ശ്രീകൃഷ്ണൻെറ പാദസ്പർശം നഷ്ടപ്പെട്ടതിൻെറ പ്രതികരണമാവുമോ ഇത്?.”

ഒരുദിവസം അർജുനൻ തിരിച്ചെത്തിയതും രാജാവിൻെറ കാൽക്കൽ കുഴഞ്ഞുവീണു. ഇതർജുനൻെറ സ്വഭാവത്തിനു നിരക്കാത്തതാണ്. അദ്ദേഹത്തിൻെറമുഖം ദു:ഖാകുലമായിരുന്നു. ഇത് യുധിഷ്ഠിരൻെറ ദു:ഖത്തെ വർദ്ധിപ്പിച്ചു. അദ്ദേഹം ചോദിച്ചു. “അർജുനാ, എന്താണീ കൊടിയദു:ഖ:ത്തിനു കാരണം? നമ്മുടെബന്ധുമിത്രാദികൾക്ക് ദ്വാരകയിൽ സുഖംതന്നെയല്ലേ? കൃഷ്ണഭഗവാൻ എങ്ങിനെയിരിക്കുന്നു? നീയെന്താണൊന്നും മിണ്ടാത്തത്? ഉത്തരംപറയൂ. നീ വളരെ ദു:ഖാകുലനായിരിക്കുന്നുവല്ലോ. നിൻെറ ആരോഗ്യത്തിനെന്തെങ്കിലും പറ്റിയോ? അർജുനാ, നിന്നെ ആരെങ്കിലും അപമാനിക്കുകയൊ മോശപ്പെട്ടരീതിയിൽ നിന്നോടാരെങ്കിലും പെരുമാറുകയോ ഉണ്ടായോ? ആവശ്യക്കാർക്ക് സംരക്ഷണം നൽകുന്നതിൽനിന്നും നിനക്ക് വ്യതിചലിക്കേണ്ടതായി വന്നുവോ? വൃദ്ധർക്കും അശരണർക്കും കുട്ടികൾക്കും കൊടുക്കുന്നതിന് മുൻപ് നീ ഭക്ഷണം കഴിക്കുകയുണ്ടായൊ? നീ അരുതാത്തത് വല്ലതും ചെയ്തോ? അതോ, എനിക്കതോർക്കാൻപോലും വയ്യ! നിനക്ക് ശ്രീകൃഷ്ണഭഗവാനിൽനിന്നും എന്നെന്നേയ്ക്കുമായി വേർപിരിയേണ്ടതായിവന്നോ? ദയവായി പറയൂ.”